## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4879 04/07/2012 - ൽ മറുപടിക്ക്

## സമഗ്ര തീരദേശ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>„ പാലോട് രവി:<br>„ ജോസഫ് വാഴക്കൻ:<br>„ സി. പി. മുഹമ്മദ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി: |
| (എ) മത്സ്യമേഖലയിൽ സമഗ്ര തീരദേശ വികസനത്തിനായുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ; | (എ) മത്സ്യമേഖലയിൽ സമഗ്ര തീരദേശ വികസനത്തിനായുള്ള പദ്ധതികൾ 2007-08 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലാണ് തുടക്കം കുറിച്ചത്. ഈ പദ്ധതിയുടെ പ്രയോജനത്തിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിൽ കണ്ണൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലായി ഏകദേശം 50 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) കുടിവെള്ള വിതരണ പദ്ധതികൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ, സ്കൂളുകൾ, അംഗൻവാടികൾ, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗൈഡ് ലൈറ്റുകൾ, മത്സ്യ മാർക്കറ്റ്, ഫിഷറീസ് റോഡുകൾ മുതലായവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നേരിട്ടു നടപ്പിലാക്കുന്നത് കൂടാതെ കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, നിർമ്മിതി കേന്ദ്ര, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പ്/ഏജൻസികൾ വഴിയാണ് സമഗ്ര തീരദേശ വികസന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ